(ബി) 156 വൻകിട പദ്ധതികളാണ് വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. കൂടാതെ ജപ്പാൻ ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 5 വൻകിട പദ്ധതികളും JNNURM പദ്ധതിയിൽ ഉൾപ്പെടുത്തി '2' പദ്ധതികളും UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി 13-പദ്ധതികളും വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നു.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തിയാകുമ്പോൾ ഏകദേശം 60 ലക്ഷം പേർക്ക് കുടിവെള്ളം ലഭ്യമാകുമെന്നാണ് കണക്കാക്കുന്നത്.

(ഡി) നിർമ്മാണത്തിലിരിക്കുന്ന എല്ലാ ത്വരിത ഗ്രാമീണ പദ്ധതികളും 2012-13 വർഷത്തിനകം കഴിയുന്നതുംവേഗം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) നിലവിലുള്ള കുടിവെള്ള പദ്ധതികൾ വിപുലീകരിക്കാനും കുടിവെള്ള ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആവിഷ്കരിച്ചുവരുന്നു.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കടൽവെള്ളം ശുദ്ധീകരിച്ച് നൽകുന്നതിനുള്ള പ്രോജക്റ്റ്

120 (717) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ദീർഘകാലാടിസ്ഥാനത്തിൽ കടൽവെള്ളം ശുദ്ധീകരിച്ച് നൽകാനുള്ള പ്രോജക്ട് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇപ്പോൾ കേരളത്തിൽ വിതരണത്തിനായുള്ള കുടിവെള്ള സ്രോതസ്സുകൾ വേണ്ടത്ര ഉണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അത്തരം പദ്ധതി നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. കുടിവെള്ള വിതരണത്തിന് അനുയോജ്യമായ ധാരാളം ഉപരിതല സ്രോതസ്സുകൾ ഉള്ള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം താരതമ്യേന ചെലവേറിയ കടൽവെള്ള ശുദ്ധീകരണം സാധാരണഗതിയിൽ പ്രായോഗികമല്ല.

(ബി) കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ കുടിവെള്ള സ്രോതസ്സുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly